# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1610** 05.12.14- ൽ മറുപടി നൽകേണ്ടത്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.മഞ്ഞളാംകുഴി അലി, ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി** | |
| (എ) | നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പ് മന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. |
| (ബി) | ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾ പ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ? | (സി) | ആലപ്പുഴ നഗരത്തിന് 1999-ൽ പ്രസിദ്ധീകരിച്ച ഒരു കരട് മാസ്റ്റർ പ്ലാൻ പ്രാബല്യത്തിലുണ്ട്. ഈ പ്ലാൻ തുടർ നടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ കരട് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാൻ 21/1/14-ൽ നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ചു. കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരട് മാസ്റ്റർ പ്ലാൻ പുതുക്കി അന്തിമ രൂപം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്